"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - നാഷണൽ റർബൻ മിഷൻ - മലപ്പുറം ജില്ലയിലെ എടപ്പാൾ ഗ്രാമപഞ്ചായത്തിൽ നാഷണൽ റർബൻ മിഷൻ പദ്ധതിയിൽ ഉൾപ്പെട്ട ഒരു ഭാഗം പ്രവർത്തികൾ നടപ്പിലാക്കുന്നതിന് സർക്കാർ അംഗീകൃത അക്രഡിറ്റഡ് ഏജൻസിയെ ചുമതലപ്പെടുത്തുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.232/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 28/01/2020

---

പരാമർശം:- 1 സ.ഉ.(പി)നം.95/2017/ധന.തീയതി 25.07.2017

2 എടപ്പാൾ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 03.12.2019-ലെ കത്തിനോടൊപ്പമുള്ള പഞ്ചായത്ത് ഭരണസമിതിയുടെ 06.09.2019-ലെ 1 (2)-ാം നമ്പർ യോഗ തീരുമാനം.

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ എടപ്പാൾ ഗ്രാമപഞ്ചായത്തിൽ നാഷണൽ റർബൻ മിഷൻ പദ്ധതിയിൽ ഉൾപ്പെട്ട ഒരു ഭാഗം പ്രവർത്തികൾ നടപ്പിലാക്കുന്നതിന് WAPCOS എന്ന അക്രഡിറ്റഡ് ഏജൻസിയെ ചുമതലപ്പെടുത്തിയ ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനത്തിന് അനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശവിധേയമായ ഏജൻസിയായ WAPCOS പൊതുമരാമത്ത് ജോലികൾ ചെയ്യാൻ അർഹതപ്പെട്ട അക്രഡിറ്റഡ് ഏജൻസിയാണെന്ന് പരാമർശം (1) ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ആയത് പ്രകാരം പ്രസ്തുത സ്ഥാപനത്തിന് ഏറ്റെടുക്കാവുന്ന ഒറ്റ പ്രവർത്തിയുടെ എസ്റ്റിമേറ്റ് തുക 35 കോടിയും ഒരു സാമ്പത്തിക വർഷം ഏറ്റെടുക്കാവുന്ന മൊത്തം പ്രവർത്തികളുടെ എസ്റ്റിമേറ്റ് തുക 450 കോടിയുമാണ്. പരാമർശം (2) യോഗ തീരുമാനം പ്രകാരം എടപ്പാൾ ഗ്രാമപഞ്ചായത്തിൽ WAPCOS വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ ആകെ എസ്റ്റിമേറ്റ് തുക 6.395 കോടി രൂപ മാത്രമാണ്.

മേൽ സാഹചര്യത്തിൽ മലപ്പുറം ജില്ലയിലെ എടപ്പാൾ ഗ്രാമപഞ്ചായത്തിൽ നാഷണൽ റർബൻ മിഷൻ പദ്ധതിയിൽ ഉൾപ്പെട്ട പരാമർശം (2) യോഗ തീരുമാനം പ്രകാരമുള്ള പ്രവർത്തികൾ നടപ്പിലാക്കുന്നതിനായി സൂചന (1) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ച് എടപ്പാൾ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ അംഗീകൃത അക്രഡിറ്റഡ് ഏജൻസിയെ ചുമതലപ്പെടുത്താൻ അനുമതി നല്കി ഉത്തരവ പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SREEKALA T.P.

**അണ്ടർ സെക്രട്ടറി**

പകർപ്പ്: പ്രസിഡന്റ്/സെക്രട്ടറി, എടപ്പാൾ ഗ്രാമപഞ്ചായത്ത്, മലപ്പുറം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വെബ് & ന്യൂ മീഡിയ, ഐ&പി.ആർ.ഡി. വകുപ്പ്
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2020.01.28 14:30:33 IST
Reason: Approved

സെക്ഷൻ ഓഫീസർ